**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 723 **09.08.2017**-ലെ മറുപടിക്ക്

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.ബി. സതീഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട മണ്ഡലത്തിലെ നിലമേൽ കോളനി, തേരിയ്ക്കാവിള കോളനി എന്നിവ നവീകരിക്കുന്ന പ്രവൃത്തികൾ ഏതുഘട്ടം വരെ എത്തി ; വിശദമാക്കാമോ | (എ) | അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിലുൾപ്പെടുത്തി കാട്ടാക്കട നിയോജക മണ്ഡലത്തിലെ നിലമേൽ, തേരിക്കവിള എന്നീ പട്ടികജാതി കോളനികൾ നവീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം പട്ടികജാതി വികസന വകുപ്പുമായി MOU ഒപ്പുവെച്ച പ്രകാരം ഒന്നാം ഗഡുവായി 50,00,000/- രൂപാ വീതം അനുവദിച്ചിട്ടുണ്ട്. നിലമേൽ കോളനിയിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും ജില്ലാ നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തേരിക്കാവിള കോളനിയിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | നിർവ്വഹണ ഏജൻസി തയ്യാറാക്കി നൽകുന്ന വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടും, ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ശുപാർശയോടെ ലഭ്യമാകുന്ന മുറയ്ക്ക് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അംഗീകാരം നൽകുകയും കോളനിയിലെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്. മുൻകൂറായി അനുവദിച്ച 50 ലക്ഷം രൂപയുടെ 75% തുക വിനിയോഗിച്ചതിന്റെ ബില്ലും അനുബന്ധ രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായി 30% തുകയും, പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ, വിനിയോഗ സർട്ടിഫിക്കറ്റ് , അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് അവസാന ഗഡുവായ 20% തുകയും അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ